**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3745 -**
**21/06/2018 ലെ മറുപടിക്ക്**

ചോദ്യം
ശ്രീ. സി. ദിവാകരൻ

മറുപടി
ഡോ. ടി.എം. തോമസ് ഐസക്, ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സർക്കാർ ജീവനക്കാരുടെ ഡി.എ കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ ജീവനക്കാർക്ക് എത്ര തവണ ഡി.എ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം GO(P) No. 6/2017/Fin dated 19/01/2017, GO(P) No. 55/17/Fin dated 26/04/2017, GO(P) No. 84/2018/Fin dated 07/06/2018 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം മൂന്നു തവണ സർക്കാർ ജീവനക്കാർക്ക് ഡി.എ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് നൽകാനുള്ള ഡി.എ കുടിശ്ശിക എത്രയെന്നും ഡി.എ കുടിശ്ശിക നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കുമോ ? | കേന്ദ്ര സർക്കാർ 01/01/2018 പ്രാബല്യത്തിൽ അനുവദിച്ചു നൽകിയ 2% ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഇനി അനുവദിച്ചു നൽകാനുള്ളത്. ആയത് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ